പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4875 24.07.2015 - ൽ മറുപടിയ്ക്ക്

## '108' ആംബുലൻസ്

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ :<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.കെ.കെ.നാരായണൻ:<br>ശ്രീ.പുരുഷൻ കടലുണ്ടി: | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മുൻനിര പദ്ധതിയിലൊന്നായി മിഷൻ 676 പ്രകാരം പ്രഖ്യാപിച്ചിരുന്ന '108' ആംബുലൻസ് സംസ്ഥാന വ്യാപക മാക്കാനുള്ള പദ്ധതി എന്നത്തേയ്ക്കാണ് നടപ്പിലാക്കേണ്ടിയിരുന്നത് ; | (എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 201 മുതൽ 300 ദിനം വരെയുള്ള കർമ്മ പരിപാടിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുദ്ദേശിച്ചിരുന്നത്. |
| (ബി)ഇതിനായി സംസ്ഥാന വിഹിതമായി എത്ര തുകയാണ് ചെലവഴിക്കേണ്ടി-യിരുന്നതെന്ന് അറിയിക്കാമോ; | (ബി)പ്രസ്തുത പദ്ധതി നടത്തിപ്പിനായി സംസ്ഥാന വിഹിതമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) മുൻ സർക്കാരിന്റെ കാലത്താരംഭിച്ച '108' ആംബുലൻസ് പദ്ധതി പ്രകാരം എത്ര ആംബുലൻസുകൾ നിലവിൽ ഓടുന്നുണ്ട്; പദ്ധതിയുടെ മുൻ ഏജൻസിയെ മാറ്റാനിടയായ കാരണം വ്യക്തമാക്കാമോ? | (സി) '108' ആംബുലൻസ് പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ 25 ആംബുലൻസുകളും ആലപ്പുഴ ജില്ലയിൽ 18 ആംബുലൻസുകളും നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്. ഈ പദ്ധതിയുടെ തുടക്കത്തിൽ ഓപ്പറേറ്റിംഗ് ഏജൻസിയായ സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡിന്റെ കാലാവധി 15.10.2013 ൽ അവസാനിച്ചതിനാൽ പ്രസ്തുത പദ്ധതിയുടെ തുടർനടത്തിപ്പിനായി ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനിയെ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പു ചുമതല ഏൽപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ